ഉത്തരം

(എ) പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ചെലവഴിച്ച തുകയുടെ വിശദവിവരം താഴെചേർക്കുന്നു.

അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 57,49,243 രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,79,811 രൂപയും ഫർണിച്ചർ റിപ്പയറിംഗിനും പോളിഷിംഗിനും 1,62,736 രൂപയും കർട്ടൻ ഫിറ്റിംഗ്സ് ഇനത്തിൽ 1,39,806/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ടെലിഫോൺ ചാർജ്ജിനത്തിൽ 31.10.2015 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഓഫീസ് | - | 4,33,843 രൂപ |
| വസതി | - | 1,73,802 രൂപ |
| മൊബൈൽ ഫോൺ | - | 32,720 രൂപ |
| ആകെ | - | 6,40,365 രൂപ |

അതിഥി സൽക്കാരത്തിനായി 1,52,469 രൂപയും യാത്രാബത്ത ഇനത്തിൽ 5,86,496 രൂപയും ചെലവായിട്ടുണ്ട്.

(സി) പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി നാളിതുവരെ ആകെ 12,15,656 രൂപ ചെലവായിട്ടുണ്ട്.

## മന്ത്രിമാർ യാത്രകൾക്കായി ചെലവഴിച്ച തുക

**13 (14)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ മന്ത്രിയും നടത്തിയ വിദേശയാത്രകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഓരോ മന്ത്രിയും ഇതിനായി പൊതുഖജനാവിൽ നിന്ന് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) ഓരോ മന്ത്രിയും രാജ്യത്തിന് അകത്ത് നടത്തിയ യാത്രകൾ, യാത്രകൾക്കായി ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിയും നടത്തിയ വിദേശയാത്രകളുടെ ലഭ്യമായ വിശദാംശങ്ങൾ അനുബന്ധം -എ ആയി ചേർത്തിട്ടുണ്ട്. വിദേശ യാത്രകൾക്കായി വിമാനയാത്രായിനത്തിൽ ചെലവായ തുക സംബന്ധിച്ച വിശദാംശം അനുബന്ധം - ബി ആയി ചേർത്തിട്ടുണ്ട്. പൂർണ്ണമായ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഓരോ മന്ത്രിയും രാജ്യത്തിനകത്ത് നടത്തിയ യാത്രകൾക്കായി വിമാന യാത്രായിനത്തിൽ ചെലവായ തുക സംബന്ധിച്ച വിശദാംശം അനുബന്ധം-സി ആയി ചേർത്തിട്ടുണ്ട്.

**സർക്കാർ ജീവനക്കാർ**

**14 (16)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അധ്യാപകർ ഉൾപ്പടെ മൊത്തം സർക്കാർ ജീവനക്കാർ എത്രയായിരുന്നു ; ഈ കാലയളവിൽ റിട്ടയർ ചെയ്തവർ എത്ര ; പുതുതായി സൃഷ്ടിച്ച തസ്തികകൾ എത്ര ; ഇപ്പോൾ എത്ര സർക്കാർ ജീവനക്കാരുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുഭരണ വകുപ്പിൻകീഴിലുള്ള സൈനികക്ഷേമവകുപ്പ് ഡയറക്ടറേറ്റിലും 14 ജില്ലാ ഓഫീസുകളിലുമായി 152 ജീവനക്കാർ ഉണ്ടായിരുന്നു. ഇതിൽ 27 പേർ റിട്ടയർ ചെയ്യുകയും 2 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. സൈനികക്ഷേമ വകുപ്പിൽ ഇപ്പോൾ 148 ജീവനക്കാർ ഉണ്ട്.

സെക്രട്ടേറിയറ്റിൽ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ 263 ജീവനക്കാർ ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ കാലയളവിൽ 233 ജീവനക്കാർ വിരമിച്ചു. 10 തസ്തികകൾ പുതുതായി സൃഷ്ടിച്ചു. നിലവിൽ 269 ജീവനക്കാർ പൊതുഭരണ വകുപ്പിലുണ്ട്.

മറ്റു വിഭാഗം ജീവനക്കാരെയും വകുപ്പുകളെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.